ഭരണഭാഷ മാതൃഭാഷ

എൽ.ആർ(ബി6)- 51727/16

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ളിക്ക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം
തീയതി:28/12/16

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം: ഉയർന്ന മൂല്യമുള്ള നോട്ട് അസാധുവാക്കൽ- സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഗണിച്ച് സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് - സംബന്ധിച്ച്.

സൂചന: സ.ഉ(കൈ) നം. 47/2016/സഹ തീയതി: 01/12/2016 സഹകരണ(ബി) വകുപ്പ്.

********

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഉയർന്ന മൂല്യമുള്ള നോട്ട് കേന്ദ്ര സർക്കാർ അസാധുവാക്കിയത് വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും ഈ കാലയളവിലേക്ക് റവന്യൂ റിക്കവറി/ ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും ശുപാർശ ചെയ്ത് കൊണ്ട് സൂചന പ്രകാരം

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ

കമ്മീഷണർക്കു വേണ്ടി

പകർപ്പ്:

1) കമ്മീഷണറുടെ സി.എ
2) ജോയിന്റ് കമ്മീഷണറുടെ സി.എ
3) എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
4) സീനിയർ ഫിനാൻസ് ഓഫീസർ
5) ഐ.റ്റി. സെൽ
6) സീനിയർ സൂപ്രണ്ട്, ബി സെക്ഷൻ
7) ജൂനിയർ സൂപ്രണ്ട്, ബി സെക്ഷൻ
8) ജൂനിയർ സൂപ്രണ്ട്, ഡബ്ള്യൂ സെക്ഷൻ
9) ബി2, ബി4, ബി5, ബി7 എന്നീ സെക്ഷൻ ക്ലർക്കുമാർക്ക്
10) സ്റ്റോക്ക് ഫയൽ

T3

51225/16/KD

# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - ഉയർന്ന മൂല്യമുള്ള നോട്ട് അസാധുവാക്കൽ - സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഗണിച്ച് സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം. 47/2016/സഹ    തീയതി, തിരുവനന്തപുരം, 01/12/2016**

---

## ഉത്തരവ്

കേരളത്തിലൊട്ടാകെ കാർഷിക/കാർഷികേതര മേഖലകളിലായി 3648 സഹകരണ സംഘങ്ങളാണ് വായ്പാ വിതരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ 1551 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും, 75 പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, 36 ഫാർമേഴ്സ് സഹകരണ സംഘങ്ങളും, 38 റൂറൽ സഹകരണ ബാങ്കുകളും, 108 റൂറൽ സഹകരണ സംഘങ്ങളും ഉൾപ്പെടെ 304 അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങളും, 60 അർബൻ സഹകരണ ബാങ്കുകളും, 110 അർബൻ സഹകരണ സംഘങ്ങളും, 928 എംപ്ലോയീസ് സഹകരണ സംഘങ്ങളും, 296 ഹൗസിംഗ് സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു.

30.09.2016 ലെ കണക്കനുസരിച്ച് ഈ സംഘങ്ങളിലാകെയായി വായ്പാ ബാക്കി നിൽപ്പ് 87074.15 കോടി രൂപയാണ്. കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് 3% പലിശ സബ്സിഡി കേന്ദ്രസർക്കാർ അനുവദിച്ചു നൽകുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ 12 മാസം മുതൽ 18 മാസം വരെയുള്ള കാലാവധിക്കാണ് നൽകുന്നത്. റിസർവ് ബാങ്ക് പ്രഖ്യാപിച്ചിട്ടുള്ള നോട്ട് അസാധുവാക്കൽ നടപടികൾ കാർഷിക വായ്പ തിരിച്ചടവിനെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. കർഷർക്ക് യഥാസമയം കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ പലിശ സബ്സിഡി ഇനത്തിൽ ലഭിക്കേണ്ടതായ ആനുകൂല്യം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം സംജാതമായിരിക്കുന്നു. സഹകരണ വകുപ്പ് വിവിധ ജില്ലകളിലായി കുടിശ്ശിക വായ്പാ തുക ഈടാക്കുന്നതിലേയ്ക്കായി റവന്യൂ റിക്കവറി നടപടികൾ നടത്തിവരുന്നുണ്ട്. ഇപ്രകാരം 511.64 കോടി രൂപയുടെ റവന്യൂ റിക്കവറി നടപടികളാണ് നടന്നുവരുന്നത്.

നോട്ട് അസാധുവാക്കൽ നടപടിയുടെ പശ്ചാത്തലത്തിൽ കൊമേഴ്സ്യൽ/നാഷണലൈസ്ഡ് ബാങ്കുകൾ വഴി നൽകിയ വായ്പകളുടെ തിരിച്ചടവിന് കേന്ദ്രസർക്കാർ രണ്ട് മാസത്തെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉയർന്ന മൂല്യമുള്ള നോട്ട് കേന്ദ്രസർക്കാർ അസാധുവാക്കിയത് വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും ഈ കാലയളവിലേക്ക് റവന്യൂ റിക്കവറി/ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും, ശിപാർശ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ സത്വരനടപടികൾ കൈക്കൊള്ളുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി. വേണുഗോപാൽ**
**സ്പെഷ്യൽ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
സഹകരണ (എ/സി/പി.എസ്) വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. മുഖ്യമന്ത്രിയുടെ പി.എസിന്
2. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസിന്